# ട്രാക്ഷൻ മൂലം ഉണ്ടാകുന്ന രോഗങ്ങൾ

ഇന്ന് നട്ടെല്ലിന്റെ അകലം കുറയ്ക്കാനും, കൂട്ടാനും നാഡിയും ഞരമ്പും നട്ടെല്ലിന്റെ ഇടയിൽ അമർന്ന് പോയിട്ടുണ്ടെങ്കിൽ അതിനെ വലിച്ചകറ്റാനാണല്ലോ ട്രാക്ഷൻ ഉപയോഗിക്കുന്നത്.

*ട്രാക്ഷൻ ചെയ്യുന്നവർ ഇനി പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം തരേണ്ടതാണ്.*

1.മൃദുവായ ഡിസ്കിന്റെ തള്ളിയ നടുഭാഗം ട്രാക്ഷനിൽ പൂർവ്വ സ്ഥലത്ത് എത്തിച്ചാലും അത് അവിടെ സ്ഥിരമായി നിൽക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

2.നട്ടെല്ല് മൊത്തം ഒരു മോൾഡിംങ്ങ് ആണ്.കശേരുക്കൾക്കിടയിൽ അതിന്റെ തുടർച്ചയായി തന്നെയാണ് ഡിസ്ക് സ്ഥിതിചെയ്യുന്നത്. അത് കശേരുക്കൾക്കിടയിൽ നിന്ന് ഇളകിപ്പോകുന്നതോ തെന്നിമാറുന്നതോ അല്ല. ഒരേ ട്രാക്ഷൻ കൊണ്ട് നട്ടെല്ല് വലിച്ചകറ്റലും വലിച്ചടുപ്പിക്കലും ചെയ്യുന്നത് ആധുനിക ശാസ്ത്രത്തിലെ ഏത് നിയമമനുസരിച്ചാണ്?

3.മററ് സന്ധികളിൽനിന്നും വ്യത്യസ്ഥമായി നട്ടെല്ല് മൊത്തം ഒരു മോൾഡിംങ്ങ് ആയതിനാൽ രണ്ടു കശേരുക്കളുടെയും ഇടയിൽ വിടവില്ലാത്തതിനാൽ ഡിസ്ക് അകന്നാൽ എല്ല് കുഴ തെറ്റി നട്ടെല്ല് ഒടിയില്ലേ?

4.സാധാരണ ട്രാക്ഷനിൽ നടുവിന് ബൽറ്റിട്ടോ അല്ലെങ്കിൽ കഴുത്തിന് ബൽറ്റിട്ടോ മൊത്തമായി വലിക്കുമ്പോൾ നട്ടെല്ല് അകന്ന ഭാഗം കൂടുതൽ അകലാനും. അടുത്തഭാഗം കൂടുതൽ അടുക്കാനും സാധ്യതയില്ലേ?

5. ട്രാക്ഷനിൽ പേശികൾ കൂടുതൽ അയവുള്ളതായി മാറിയാൽ കൂട്ടിമുട്ടാത്ത പേശികൾ അയഞ്ഞ് തൂങ്ങിയത് മൂലം എല്ലുകൾ കൂട്ടിമുട്ടുകയില്ലേ?

6. നടുവിന് വട്ടം ബെൽ റ്റിട്ട് വലിഞ്ഞു മുറുക്കി കെട്ടി അതിൽനിന്ന് വലിക്കുമ്പോൾ മൃദുവായ പേശികളെ ക്കൊണ്ടുണ്ടാക്കിയതായ ആമാശയം, കുടൽ, കരൾ, മൂത്രനാളി, രക്തക്കുഴലുകൾ, നാഡികൾ എന്നിവയ്ക്ക് വലിവ് ഉണ്ടായി സ്ഥിരമായ നാശം സംഭവിക്കില്ലേ? ഇവയ്ക്ക് വലിവുണ്ടായാൽ നീരുണ്ടായി പരിഹരിക്കാൻ പറ്റാത്ത കേടുണ്ടാവില്ലേ?

7. കഴുത്തിൽ ബെൽറ്റിട്ട് വലിക്കുമ്പോൾ കഴുത്തിലെ ഞരമ്പുകൾക്കും നാഡികൾക്കും വലിവുണ്ടാകില്ലേ?. ഇത് ഭാവിയിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയില്ലേ?.

8.ട്രാക്ഷൻ മുഖേന നട്ടെല്ലിൽ വലിക്കുമ്പോൾ കീറി കഷണങ്ങളായ ഡിസ്കിന്റെ നടുഭാഗവും അടുത്ത കശേരുക്കളുടെ ഡിസ്കിന്റെ നടുഭാഗവും കൂടുതൽ കീറുകയില്ലേ? പൊട്ടിയ സ്നായുക്കളും, നാരുകൊണ്ടുള്ള തരുണാസ്ഥി വലയവും വലിച്ചിൽ മൂലം കൂടുതൽ പൊട്ടുകയില്ലേ?

9.നട്ടെല്ല് അകന്നതിന് നേരേ നിൽക്കുന്ന നട്ടെല്ലിൽ അതേ ദിശയിൽ തന്നെ ബെൽറ്റിട്ടാൽ നട്ടെല്ല് അകന്നതിന് ഒരു കുറവും വരില്ല. നേരേ നിൽക്കുന്ന വസ്തു അടുപ്പിക്കണമെങ്കിൽ രണ്ട് തലയിൽനിന്നും വസ്തുവിലേക്ക് ശക്തി നല്കണം. അതായത് ട്രാക്ഷൻ ചെയ്യുന്നതിന് നേരേ എതിരായ പ്രവൃത്തി ചെയ്യണം. നേരേ എതിരായ ട്രാക്ഷൻ ചെയ്യണം. രണ്ടു കാലിന്റെയും ഇടയിൽ മലദ്വാരത്തിനെയും തലയേയും പൊതിയുന്ന രീതിയിൽ ബെൽറ്റിട്ട് വരിഞ്ഞ് മുറുക്കി കെട്ടി തലയിൽ ഭാരം കയറ്റി വെയ്ക്കണം. ഇങ്ങിനെ ചെയ്യാത്തത് നട്ടെല്ല് അടുപ്പിക്കാൻ കഴിയാത്തതുകൊണ്ടല്ലേ?

10.സ്കാനിംങ്ങിൽ കുഴപ്പമൊന്നും കണ്ടില്ലെങ്കിലും ട്രാക്ഷൻ ചെയ്യുന്നത് തെറ്റായ രീതിയല്ലോ?

1, 2,എന്നീ ചോദ്യങ്ങൾക്ക് ഉത്തരം ഉണ്ട് എന്നും 3,4,5,7,8,9,10 എന്നീചോദ്യങ്ങൾക്ക് ഉത്തരം ഇല്ല,അല്ല എന്നുമാണെങ്കിൽ മാത്രം ട്രാക്ഷനിടാം. അപ്പോൾ ആധുനികശാസ്ത്രം തെറ്റായിരിക്കും. കാരണം ഈ പ്രസ്താവനകൾ എല്ലാം ആധുനിക ശാസ്ത്രത്തിൽ അടങ്ങിയതാണ്.

*നട്ടെല്ല് വലിച്ചകറ്റാനോ വലിച്ചടുപ്പിക്കാനോ സാധിക്കുമോ?*

മററ് സന്ധികളിൽനിന്നും വ്യത്യസ്ഥമായി നട്ടെല്ല് മൊത്തം ഒരു മോൾഡിംങ്ങ് ആയതിനാൽ നട്ടെല്ല് വലിച്ചകറ്റാനും നട്ടെല്ല് അടുപ്പിക്കാനും സാധ്യമല്ല. ഡിസ്ക് തള്ളിയ ഭാഗത്തെ മാത്രം കശേരുവിനെ വലിച്ചകറ്റാനും അടുപ്പിക്കാനും കഴിയും എന്നുപറഞ്ഞാണ് കമ്പ്യൂട്ടറൈസ്ഡ് ട്രാക്ഷൻ ചെയ്യുന്നത്. കമ്പ്യൂട്ടറൈസ്ഡ് ട്രാക്ഷനിൽ നടുവിന് ബൽറ്റിട്ടോ അല്ലെങ്കിൽ കഴുത്തിന് ബൽറ്റിട്ടോ വലിക്കുകയാണ് പതിവ്. ഈ രീതിയിൽ വലിക്കുമ്പോൾ ആമാശയവും കുടലും മൂത്രനാളിയും വലിഞ്ഞ് നീരുണ്ടാകുന്നു. മൃദുവായ നീര് കുറച്ചു കാലം നിന്നാൽ ആമാശയത്തിലും, കുടലിലും, മൂത്രനാളിയിലും തടിപ്പുണ്ടാകുന്നു.വിശപ്പും ശോധനയും ദഹനവും കുറയുക, അല്പം ഭക്ഷണം കഴിച്ചാൽ വയറ് നിറഞ്ഞതായി തോന്നുക, , മൂത്ര തടസ്സവും, രോഗി അറിയാതെ മൂത്രം പോകുന്നതും കണ്ടുവരുന്നു. കഴുത്തിന് ട്രാക്ഷൻ ഇടുമ്പോൾ കഴുത്തിലെ ഞരമ്പുകൾ വലിഞ്ഞ് വേദനയും മരവിപ്പും വ്യാപിക്കുന്നു. പിന്നീട് അത് കട്ടിപിടിച്ച് ട്യൂമർ (മുഴ) ആയി കേട് സ്ഥിരമായി മാറുന്നു.



നട്ടെല്ലിൽ പിടിച്ച് ശക്തിയിൽ വലിക്കുന്നു

ഡിസ്ക് നാഡിയിൽ അമർന്നതു മൂലം രോഗി അറിയാതെ മൂത്രം പോകുന്നതായി പറയുന്നു.ഡിസ്ക് മൂത്രസഞ്ചിയിലോ, മൂത്രനാളിയിലോ അമരുന്നില്ല. ഒരു രോഗിയുടെ മൂത്രനാളിയുമായി ബന്ധപ്പെട്ട നാഡിയിൽ അമർത്തി നോക്കിയാൽ രോഗി അറിയാതെ മൂത്രം പോകില്ല